# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.62 08.03.2012 ൽ മറുപടിക്ക്**

മുല്ലപ്പെരിയാർ വിഷയത്തിലെ പ്രഥമ പരിഗണന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ വിഷയത്തിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്; | (എ) & (ബി)<br>മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുകയെന്ന കാര്യത്തിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. ഇതിൻപ്രകാരം ഡാം നിർമ്മിക്കുന്നതിനുള്ള സർവേയും ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി പുതിയ ഡാമിനായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് (DPR) സർക്കാർ അംഗീകാരം നൽകി ഉന്നതാധികാരസമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡാമിനു വേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യരായ |
| (ബി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; | |

| | |
| --- | --- |
| | സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിനുപുറമെ മുല്ലപ്പെരിയാർ ഡാം നിർമ്മിക്കുന്നതിനുള്ള "സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്" രൂപം നൽകുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ്, ഉന്നതാധികാര സമിതി എന്നിവരുടെ മുമ്പിൽ സംസ്ഥാന സർക്കാർ എന്തെല്ലാം വിഷയങ്ങൾ ആണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) ഉന്നതാധികാര സമിതിയ്ക്കു മുമ്പിലായി പുതിയ ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ